**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T5499** **27-03-2018 ലെ മറുപടിയ്ക്ക്**

## ആതിരപ്പള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ പ്രദേശത്ത് വീട് നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ബി.ഡി.ദേവസ്സി :** | **ഡോ. കെ.റ്റി. ജലീൽ**<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി താലൂക്കിലെ ആതിരപ്പള്ളി വില്ലേജ്, ആതിരപ്പള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ പ്രദേശത്ത് തദ്ദേശീയരായവർക്ക് വീട് പണിയുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ;<br><br>(ബി) ആശ്രയ പദ്ധതി പ്രകാരം നേരത്തെ 12 വീടുകൾ പണിതിട്ടുള്ള ഈ പ്രദേശത്ത് കൂടുതൽ വീടുകൾ പഞ്ചായത്തിന്റെ സഹായത്തോടെ പണിയുന്നതിന് വനം, റവന്യൂ വകുപ്പുകൾ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും<br>വനം വകുപ്പിന്റെ തടസ്സം നിലനിൽക്കുന്നുണ്ട്. |
| (സി) തടസ്സങ്ങൾ നീക്കി പഞ്ചായത്ത് സഹായത്തോടെ വീടുപണിയുന്നതിന് തദ്ദേശീയരെ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) ചാലക്കുടി താലൂക്കിൽ ആതിരപ്പിള്ളി പഞ്ചായത്തിൽ പുളിയിലപ്പാറ ഉൾപ്പെടുന്ന 544 ഏക്കർ ഭൂമി 1952 ൽ തിരു കൊച്ചി സർക്കാർ പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിക്കായി വൈദ്യുത വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. ഈ സ്ഥലം 1909 ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള കോടശ്ശേരി റിസർവ്വിൽപ്പെട്ടതും ഇപ്പോഴും റിസർവ്വ് വനത്തിന്റെ സ്റ്റാറ്റസ് നിലനിൽക്കുന്നതുമാകുന്നു. നിയമാനുസൃത ഉടമസ്ഥാവകാശം ലഭ്യമാകാതെ ഇവിടെ വീടോ മറ്റ് കെട്ടിടങ്ങളോ പണിയുന്നത് നിയമ പ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ